കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത് - ട്രാൻസ് ജെൻഡേഴ്സിനായി 'തയ്യൽ പരിശീലനവും ഉപകരണങ്ങൾ വാങ്ങി നൽകലും - ഉണർവ്' എന്ന പദ്ധതി - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ:ഉ(സാധാ)നം.808/2018/തസ്വഭവ      തിരുവനന്തപുരം, തീയതി, 26.03.2018.

---

വായന:- 1. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20/01/2018 ലെ A6-1982/16 നമ്പർ കത്ത്

2. 06/02/2018 ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.2 നം. തീരുമാനം.

## ഉത്തരവ്

കൊല്ലം ജില്ലാ പഞ്ചായത്ത് ട്രാൻസ് ജെൻഡേഴ്സിനായ 'ഉണർവ്" എന്ന പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തയ്യൽ പരിശീലനവും ഉപകരണങ്ങൾ വാങ്ങി നൽകലും എന്ന പദ്ധതിയ്ക്ക് (പ്രോ നം: 28/18, അടങ്കൽ 10.00 ലക്ഷം രൂപ) ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും ട്രാൻസ് ജെൻഡേഴ്സിനായി ഗ്രൂപ്പ് രൂപീകരിക്കുക ബുദ്ധിമുട്ടായതിനാൽ പ്രസ്തുത പ്രോജക്ട് ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് വ്യക്തിഗത പ്രോജക്ടായി നടപ്പിലാക്കുവാൻ അനുമതി നൽകണമെന്ന് വായന (1) പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ പഞ്ചായത്ത് ട്രാൻസ് ജെൻഡേഴ്സിനായ 'ഉണർവ്" എന്ന പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'തയ്യൽ പരിശീലനവും ഉപകരണങ്ങൾ വാങ്ങി നൽകലും' എന്ന പദ്ധതിയ്ക്ക് ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് വ്യക്തിഗത പ്രോജക്ടായി നടപ്പിലാക്കുവാൻ വായന (2) ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ